കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി

5(2206) ശ്രീ. മല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ചിതറ പഞ്ചായത്തുവക സ്ഥലമായ ചക്കമലയിൽ കെ.എസ്.ഇ.ബി. യുടെ ഒരു സബ്സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

ചക്കമലയിൽ സബ്സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലില്ല. ചക്കമലയിൽനിന്നും 12 കിലോമീറ്റർ മാറി കടയ്ക്കൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥിതി ചെയ്യുന്നുണ്ട്. ടി സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിലെ മാങ്കോട് എന്ന സ്ഥലത്ത് ഒരു സബ്സ്റ്റേഷൻ അനുവദിക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. സാങ്കേതിക പരിശോധനകൾക്കുശേഷം ആയത് പരിഗണിക്കാവുന്നതാണ്.

കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷൻ

6(2207) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മിഷന് നലകിയിട്ടുണ്ടോ; എന്നാണ് നൽകിയത്; ഏതു വർഷത്തേയ്ക്കുള്ളതാണ് നൽകിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്മേൽ റെഗുലേറ്ററി കമ്മിഷൻ തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ ; റെഗുലേറ്ററി കമ്മിഷൻ കെ.എസ്.ഇ.ബി-യുടെ നിർദ്ദേശം അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ച ഫ്യുവൽ സർചാർജ്ജ് റെഗുലേഷൻ, 2009 പ്രകാരം ഇന്ധന വിലയിൽ ഉണ്ടാകുന്ന വ്യതിയാനംമൂലം ബോർഡിന്റെ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly